പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 401 — 27.09.2016 ൽ മറുപടിക്ക്

## വൈദ്യുതി ബിൽ കുടിശ്ശിക പിരിച്ചെടുക്കൽ

ചോദ്യം — ഉത്തരം

ശ്രീ. പി.ഉബൈദുള്ള — ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബിൽ കുടിശ്ശിക പിരിച്ചെടുക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ<br><br>(ബി) ഒരു ലക്ഷം രൂപയ്ക്ക് മേൽ കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്വകാര്യ സ്ഥാപന ങ്ങളുടെ പേരു വിവരങ്ങൾ വെളിപ്പെടുത്താമോ;<br><br>(സി)പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തുക പിരിച്ചെടുക്കാൻ എന്തെങ്കിലും നടപടികൾ - സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്ത മാക്കുമോ? | (എ),(ബി) &(സി) സപ്ലൈ കോഡ് 2014 അനുശാസിക്കുന്ന പ്രകാരം കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.<br><br>ഒരു ലക്ഷത്തിനു മുകളിൽ കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ - സ്വകാര്യ സ്ഥാപനങ്ങളുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്